**പതിനാലാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4331 17.05.2017-ൽ മറുപടിയ്ക്ക്**

**ഏകീകൃത പൊതുജനാരോഗ്യ നിയമം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്. ശർമ്മ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) ഏകീകൃത പൊതുജനാരോഗ്യ നിയമം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | എ) ഉണ്ട്, സംസ്ഥാനത്ത് നിലവിലുള്ള ട്രാവൻകൂർ കൊച്ചിൻ പൊതുജനാരോഗ്യനിയമവും, മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും പരിഷ്കരിച്ച് സംസ്ഥാനത്തിന് പൊതുവായ ഒരു പൊതുജനാരോഗ്യ നിയമം പാസാക്കുന്നതിനുള്ള കരട് സർക്കാരിന്റെ പരിഗണനയിലാണ്. |
| ബി) ഇത്തരത്തിലുള്ള ഏകീകൃത നിയമം നിലവിലില്ലാത്തതുമൂലം വകുപ്പിന്റെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | ബി) നിലവിലുള്ള പൊതുജനാരോഗ്യ നിയമങ്ങളായ 1939-ലെ മദ്രാസ് പബ്ലിക് ആക്ടും 1955-ലെ ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടും അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് ചെയ്ത് വരുന്നുണ്ട്. ഇതനുസരിച്ച് പകർച്ചവ്യാധി രോഗങ്ങൾ നിയന്ത്രിക്കുന്നതിനാവശ്യമായ ലീഗൽ നോട്ടീസുകൾ കൊടുക്കുക. നിയമ നടപടികൾ സ്വീകരിക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്ത് വരുന്നുണ്ട്. സംസ്ഥാനത്ത് രണ്ട് ഭാഗങ്ങളിൽ രണ്ട് നിയമങ്ങളാണ് നിലവിലുള്ളത്. വളരെ കാലപ്പഴക്കമുള്ളതാണെന്ന ഒരു പരിമിതി ഈ നിയമങ്ങൾക്കുണ്ട്. മാത്രമല്ല ശിക്ഷാ നടപടികളും, പിഴകളുമൊക്കെ കാലാകാലങ്ങളിൽ പരിഷ്കരിക്കേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| സി) | എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | സി) | സംസ്ഥാനത്ത് നിലവിലുള്ള ട്രാവൻകൂർ കൊച്ചിൻ പൊതുജനാരോഗ്യ നിയമവും, മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും പരിഷ്കരിച്ച് സംസ്ഥാനത്തിന് പൊതുവായ ഒരു പൊതുജനാരോഗ്യ നിയമം പാസാക്കുന്നതിനുള്ള കരട് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ